"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം- ക്ലാർക്കായ കമാരി മിഥില ലക്ഷ്മി സി.വി. യുടെ പരിവീക്ഷാകാലം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.1036/2024/AGRI തീയതി,തിരുവനന്തപുരം, 02-11-2024

---

പരാമർശം:-

1. കമാരി മിഥില ലക്ഷ്മി സി.വി യുടെ അപേക്ഷ.
2. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 24.06.2022ലെ ADFW/PAO/KKD/607/2022-ഇ3 നമ്പർ നടപടി ക്രമം..
3. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.10.2024 ലെ ADFW/5698/2023-SA1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പിൽ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലർക്ക് തസ്തികയിൽ ജോലി നോക്കുന്ന കമാരി മിഥില ലക്ഷ്മി സി.വി യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം ഉചിതമാർഗ്ഗേന അപേക്ഷിച്ചിരിക്കുന്നു എന്നും 11.12.2018 ന് ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ടിയാളുടെ പരിവീക്ഷാകാലം 10.12.2020 ന പൂർത്തീകരിക്കേണ്ടതായിരുന്നു എന്നും എന്നാൽ പ്രസ്തുത കാലയളവിൽ ടിയാൻ നിർബന്ധിത വകുപ്പ് തല പരീക്ഷയായ എം.ഒ.പി. ടെസ്റ്റ് പാസാകാത്തതിനാൽ 11/12/2020 മുതൽ ഒരു വർഷത്തേയ്ക്ക് പരാമർശം (2) നടപടിക്രമം പ്രകാരം പരിവീക്ഷക്കാലം ദീർഘിപ്പിച്ചിട്ടുണ്ടെന്നും കുമാരി മിഥില ലക്ഷ്മി സി .വി. 04.10.2023 തീയതി നടന്ന എം.ഒ.പി. ടെസ്റ്റ് പാസായിട്ടുണ്ട് എന്നും കുമാരി മിഥില ലക്ഷ്മി സി. വി. പരിവീക്ഷാകാലയളവിൽ പരിവീക്ഷാകാലയളവിനെ ബാധിക്കുന്ന അവധി എടുത്തിട്ടില്ലെന്നും ടിയാൾക്കെതിരെ അച്ചടക്ക നടപടികളോ കേസുകളോ നിലവിൽ ഇല്ലെന്നും കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും മേൽ സാഹചര്യത്തിൽ ക്ലർക്ക് കുമാരി. മിഥില ലക്ഷ്മി സി വി യുടെ പരിവീക്ഷക്കാലം പൂർത്തീകരിച്ച് ഉത്തരവാകുന്നതിലേക്കായി പരീവീക്ഷകാലയളവ് 11.12.2021 മുതൽ ടിയാൻ എം.ഒ.പി. ടെസ്റ്റ് പാസായ തിയതിയായ 04.10.2023ന് തൊട്ടടുത്ത ദിവസമായ 05.10.2023 വരെ ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം 3 പ്രകാരം വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും 04.10.2023 -ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ എം.ഒ.പി.പരീക്ഷ കമാരി മിഥില ലക്ഷ്മി സി.വി. വിജയിച്ചത് കണക്കിലെടുത്തും,

കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലാർക്കായ കുമാരി.മിഥില ലക്ഷ്മി സി.വി. യുടെ പരിവീക്ഷാ കാലയളവ് 05.10.2023 പൂർവ്വാഹനത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, ടിയാരിയുടെ പരിവീക്ഷാ കാലയളവ് 11.12.2021 മുതൽ 06.10.2023 വരെ കെ.എസ്.&എസ്.എസ്.ആർ ,പാർട്ട്-II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം)
കുമാരി.മിഥില ലക്ഷ്മി സി.വി., ക്ലർക്ക്. (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divia L
Date: 02-11-2024 10:35:11
സെക്ഷൻ ഓഫീസർ